പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 209 | 10.06.2013-ൽ മറുപടിക്ക്.

## ജനമൈത്രി സുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനമൈത്രി സുരക്ഷാ പദ്ധതിയിൽ എത്ര പോലീസ് സ്റ്റേഷനുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; | : (എ) ജനമൈത്രി സുരക്ഷാ പദ്ധതിയിൽ 248 പോലീസ് സ്റ്റേഷനുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഗ്രാമീണ ജനതയ്ക്ക് ഇവരുടെ സേവനം ലഭ്യമാകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | : (ബി) ഗ്രാമീണ മേഖലയിലുള്ള ജനമൈത്രീ പോലീസ് സ്റ്റേഷനുകളിലൂടെ അവർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ 50 ട്രൈബൽ പോലീസ് സ്റ്റേഷനുകളിൽ കൂടി ജനമൈത്രീ പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ പോലീസ് പരാതിപ്പെട്ടികൾ സ്ഥാപിച്ച് പരാതികൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | : (സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഇതിന്റെ ഭാഗമായി എല്ലാ സ്റ്റേഷനുകളിലും മൂന്ന് മാസത്തിലൊരിക്കൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അദാലത്ത് സംഘടിപ്പിക്കുമോ ; | : (ഡി) ജനമൈത്രീ പദ്ധതിയുടെ ഭാഗമായി സെമിനാറുകളും അദാലത്തുകളും സംഘടിപ്പിക്കുന്നതിന് ജില്ലാ പോലീസ് മേധാവികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ഇ) പരാതികൾക്ക് കൃത്യമായി മറുപടി നൽകാൻ നിർദ്ദേശം നൽകുമോ ? | : (ഇ) വകുപ്പുതലത്തിൽ നിർദ്ദേശം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ